പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 15 09.03.2015 ൽ മറുപടിക്ക്

# കണ്ണൂർ വിമാനത്താവള നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി :<br>,, സണ്ണി ജോസഫ് :<br>,, ഐ.സി.ബാലകൃഷ്ണൻ :<br>,, ബെന്നി ബെഹനാൻ : | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | |
| (എ) | കണ്ണൂർ വിമാനത്താവളം ആരംഭിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 1. വിമാനത്താവളത്തിനുവേണ്ടി ഇതിനകം 1277.93 ഏക്കർ ഭൂമി രണ്ടുഘട്ടങ്ങളിലായി ഏറ്റെടുക്കുകയും ഇതിൽ 1266.83 ഏക്കർ ഭൂമി കിയാലിന് ലഭ്യമാക്കിയിട്ടുണ്ട്. മൂന്നാംഘട്ടത്തിൽ ഇതുവരെയായി കിൻഫ്ര 612 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്.<br>2. കേന്ദ്ര വ്യോമയാന മന്ത്രാലത്തിന്റെയും പ്രതിരോധമന്ത്രാലയത്തിന്റെയും ആഭ്യന്തരമന്ത്രാലയത്തിന്റെയും കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെയും അനുമതി ഇതിനകം ലഭ്യമാക്കിയിട്ടുണ്ട്.<br>3. വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് ആവശ്യമായ വിശദമായ പ്രൊജക്ട് റിപ്പോർട്ടും (ഡി.പി.ആർ) മാസ്റ്റർ പ്ലാനും പ്രൊജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടം തുടങ്ങിയവക്ക് കണ്ണൂർ വിമാനത്താവളത്തിന്റെ ബോർഡ് യോഗം അംഗീകാരം നൽകുകയുണ്ടായി.<br>4. കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ |

| | | | |
|---|---|---|---|
| | | | നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായിട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്.<br>5. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്.<br>6. പദ്ധതി നടത്തിപ്പിനാവശ്യമായ തുക ഓഹരിമൂലധനമായും ബാങ്കുവായ്പയായും സമാഹരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) | ഉണ്ട്. കേന്ദ്ര വനം-പാരിസ്ഥിതിക മന്ത്രാലയത്തിന്റെ 19 ജൂലൈ 2013 ലെ ഉത്തരവ് പ്രകാരം പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാനുള്ള അനുമതി കേരള മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും 12.12.2013 ന് ലഭിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; | (സി) | കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ റൺവെയുടെയും എയർസൈഡ് പ്രവർത്തികളുടെയും കരാർ (ഇ.പി.സി-1) 694 കോടി രൂപയ്ക്ക് 2013 നവംബർ5ന് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന് നൽകുകയുണ്ടായി. അവർ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. പ്രവൃത്തി ഇപ്പോൾ 40% പൂർത്തിയായി |

| | | | |
|---|---|---|---|
| | | | ട്ടുണ്ട്. വിമാനത്താവളത്തിൽ നിന്നുള്ള പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസം നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനമാണ് നടക്കുന്നത്. കണ്ണൂർ വിമാനത്താവളത്തിന്റെ ടെർമിനൽ ബിൽഡിംഗിന്റെയും 30 മീറ്റർ ഉയരംവരുന്ന എയർട്രാഫിക് കൺട്രോളിന്റെയും ഫ്ളൈ ഓവറിന്റെയും നിർമ്മാണത്തിനുള്ള കരാർ 498.7 കോടി രൂപയ്ക്ക് ലാർസൺ & ട്യൂബ്രോ ലിമിറ്റഡിന്റെ ബി&എഫ് വിഭാഗത്തിന് കരാർ നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തി 20% പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള ചെറിയ നിർമ്മാണ പ്രവർത്തികൾ (ലിഫ്റ്റ്, എസ്കലേറ്റർ, ഫയർ എഞ്ചിൻ തുടങ്ങിയവ) ക്കുള്ള ടെൻഡർ നടപടികൾ നടന്നുവരികയാണ്. |
| (ഡി) | കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (ഡി) | കണ്ണൂർ വിമാനത്താവളത്തിൽ 2015 ഡിസംബർ മാസത്തിൽ പരീക്ഷണപ്പറക്കൽ നടത്താനും 2016 മെയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. |
| (ഇ) | പ്രസ്തുത പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട് എന്ന് വിശദമാക്കുമോ? | (ഇ) | നവരത്ന പദ്ധതിയിലുൾപ്പെട്ട കണ്ണൂർ വിമാനത്താവളത്തിന്റെ മിഷൻ 676 ലെ തുടർ പ്രവർത്തനങ്ങൾക്ക് വർക്ക് ഷെഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ഇതുപ്രകാരം വിമാനത്തിന്റെ പരീക്ഷണപ്പറക്കൽ 2015 ഡിസംബർ മാസത്തിലും വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് 2016 മെയ് മാസത്തിലുമാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

Sajeevan

സെക്ഷൻ ഓഫീസർ